**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 569　　28.09.2016-ന് മറുപടിയ്ക്ക്**

**വനഭൂമി കൈയ്യേററം ഒഴിപ്പിക്കൽ**

**ചോദ്യം**

**ശ്രീ. അടൂർ പ്രകാശ്**
**ശ്രീ. കെ.എസ്.ശബരീനാഥൻ**
**ശ്രീ. കെ.സി.ജോസഫ്**
**ശ്രീ. റോജി എം. ജോൺ**

**മറുപടി**

**ശ്രീ. കെ. രാജു**
**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | 1977 ജനുവരി ഒന്നിന് ശേഷമുള്ള വനഭൂമി കൈയ്യേറ്റം ഒഴിപ്പിക്കണമെന്ന ഹൈക്കോടതി വിധിയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | വൺ എർത്ത് വൺ ലൈഫ് സൊസൈറ്റി, നേച്വർ ലവേഴ്സ് മൂവ്മെന്റ് എന്നിവർ ഫയൽ ചെയ്തിട്ടുള്ള ഒ.പി.നമ്പർ 1947/03, 18467/02 എന്നീ കേസ്സുകളിൽബഹു.ഹൈക്കോടതിയുടെ 04.09.2015 ലെ വിധിയിൽ 1977 ന് ശേഷമുള്ള കയ്യേറ്റങ്ങൾ 1957 കേരള ലാന്റ് കൺസർവൻസി ആക്ട്, 1961 ലെ കേരളാ ഫോറസ്റ്റ് ആക്ട് എന്നിവ അനുസരിച്ച് നടപടികൾ സ്വീകരിക്കുവാൻ ഉത്തരവായി. ഇതനുസരിച്ച് വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വനം കയ്യേറ്റക്കാരുടെ പേര് വിവരങ്ങൾ റവന്യൂ വകുപ്പിന് നൽകുവാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരെ ചുമതലപ്പെടുത്തുകയും, അതിൻ പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് കയ്യേറ്റക്കാരുടെ ലിസ്റ്റ് കൈമാറിയിട്ടുള്ളതുമാണ്. |
| (ബി) | ഹൈക്കോടതി വിധി നടപ്പിലാക്കുവാൻ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (ബി) | ലാന്റ് കൺസർവൻസി ആക്ടിനോടൊപ്പം, കേരള വനനിയമവും അനുസരിച്ച് കൈയ്യേറ്റക്കാരന് നോട്ടീസ് നൽകി ഒഴിപ്പിക്കുന്നതിനാണ് ബഹു. ഹൈക്കോടതി ഉത്തരവായിട്ടുള്ളത്. മേൽ രണ്ട് നിയമങ്ങളിലും വ്യത്യസ്ഥങ്ങളായ വ്യവസ്ഥകളാണ് നിലവിലുള്ളത്. അതിനാൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഇതുമൂലം കർഷകർക്ക് ഉണ്ടാകാനിടയുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടികളെടുക്കുമോ? | (സി) | ബുദ്ധിമുട്ടുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**